# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1891 — 05.10.2016-ൽ മറുപടിയ്ക്ക്

## സാംസ്കാരിക ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. രാജഗോപാലൻ: | **ശ്രീ.എ.കെ.ബാലൻ പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് സാംസ്കാരിക ക്ഷേമനിധിയിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ 2 (ഡി) നിർവചനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള കലാ സാംസ്കാരിക പ്രവർത്തകരാണ് ക്ഷേമനിധിയുടെ പരിധിയിൽ വരുന്നത്. ടി നിർവചനങ്ങൾ പ്രകാരം സാംസ്കാരിക പ്രവർത്തകൻ എന്നാൽ സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും കേബിൾ ശൃംഖലയിലും, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശില്പകല, നാടൻ കലകൾ, അനുഷ്ഠാന കലകൾ, സെമി ക്ലാസിക്കൽ കലകൾ, നാടൻ പാട്ടുകൾ, മേക്കപ്പ്, വാദ്യ കലകൾ, മാജിക്, സർക്കസ്, മാർഗ്ഗംകളി, ചവിട്ടു നാടകം, കാർട്ടൂൺ, കഥാ പ്രസംഗം, പുരാണ പാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിള കലകൾ, പന്തൽ അലങ്കാരം, ശബ്ദവും വെളിച്ചവും, വസ്ത്രരൂപകല്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രാഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും |

| | | |
|---|---|---|
| | | രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം, അതുപോലെയുള്ള മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി വിജ്ഞാപനംമൂലം സർക്കാർ പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്ന വരോ ആയ ഏതൊരാളും എന്നർത്ഥമാകുന്നു. |
| (ബി) പന്തൽ അലങ്കാര ജോലി ചെയ്യുന്ന വിഭാഗങ്ങളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടും ഇവരിൽ നിന്നും ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതം സ്വീകരിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിൽ 7-ാം വകുപ്പിലെ രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരം അംഗത്വത്തിനായി അപേക്ഷ നൽകുന്ന സാംസ്കാരിക പ്രവർത്തകൻ ആക്റ്റിന്റെ പരിധിയിൽപ്പെടുന്ന സാംസ്കാരിക പ്രവർത്തകനാണെന്നുള്ളതിന് ബന്ധപ്പെട്ട അക്കാഡമിയിൽ നിന്നോ ട്രേഡ് ബോഡിയിൽ നിന്നോ സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ ഒരു ശുപാർശ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. ഇത്തരം ശുപാർശകളില്ലാ തെയാണ് പന്തൽ അലങ്കാര മേഖലയിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുള്ളത്. സാംസ്കാരിക പ്രവർത്ത കൻ ആണെന്നുള്ള ശുപാർശക്കായി അപേക്ഷകൾ സംഗീത നാടക അക്കാഡമിക്ക് അയച്ചിരുന്നുവെങ്കിലും ടി സ്ഥാപനം ശുപാർശയില്ലാതെ മടക്കി അയച്ചിരിക്കുക യാണ്. അതിനാൽ, കലാസാംസ്കാരിക പ്രവർത്തകൻ എന്ന ശുപാർശയുടെ അഭാവത്തിൽ ടി അപേക്ഷകർക്ക് ഇതുവരെ ക്ഷേമനിധിയിൽ അംഗത്വം നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ